പാലക്കാട്
web: www.thurannakathu.com

8
വ്യാഴം
നവംബർ 2018
1194 തുലാം 22

തുറന്നകത്ത്

നിഷ്പക്ഷതയുടെ സാക്ഷ്യപത്രം

ഫോൺ: 0491-2501984, 2527777, 9447178984,9447078984. E-mail:tkdpkd@gmail.com, : thurannakathu palakkad P.B. No: 58

Estd: 1984 ● 'Registered': No.PGT/049/2018-2020 ● പുസ്തകം 33 ● ലക്കം 271 ● Member News Papers Association Of India ● RNI. Reg. No: 36217/84 ● വില 3 രൂപ ● പേജ് 4

Abdul Razack
+91 9037180405
പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ ബിരിയാണി സെന്റർ
NMR
BIRIYANI HOUSE
ഗുണമേന്മയുള്ള ബിരിയാണി രുചിയേറും സ്വാദോടെ മിതമായ നിരക്കിൽ
FAMILY RESTAURANT
Near Stadium Bus Stand, Palakkad
Ph: 04912 544044, 09037 544044
www.nmrbiriyani.com

കൽപ്പാത്തി അഗ്രഹാര ക്ഷേത്രങ്ങളിൽ രഥോത്സവത്തിന് കൊടിയേറി

പാലക്കാട്: രഥോത്സവത്തിന് കേളികൊട്ടുയർത്തി അഗ്രഹാര ക്ഷേത്രങ്ങളിൽ ഭക്തിയുടെ നിറവിൽ ഇന്ന് രാവിലെ കൊടിയേറ്റം നടന്നു. രാവിലെ 10 മുതൽ 11 വരെയുള്ള ശുഭമുഹൂർത്തത്തിലാണ് വിവിധ ക്ഷേത്രങ്ങളിൽ രഥോത്സവത്തിന് കൊടിയേറിയത്. രഥോത്സത്തിനുള്ള ഒരുക്കങ്ങളെല്ലാം ഏതാണ്ട് പൂർത്തിയായി കഴിഞ്ഞു.

വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിലാണ് രാവിലെ 10.45 ന് ആദ്യ കൊടിയേറ്റം നടന്നത്. തന്ത്രി രത്നസഭാപതിയുടെയും മേൽശാന്തി പ്രഭുദേവ സേനാപതിയുടെയും കാർമ്മികത്വത്തിലായിരുന്നു കൊടിയേറ്റം.

വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിൽ നടന്ന കൊടിയേറ്റം

SREE MAHA GANAPATHY, NEW KALPATHY
മന്തക്കര ഗണപതിക്ഷേത്രത്തിൽ നടന്ന കൊടിയേറ്റം

തുടർന്ന് പുതിയ കൽപാത്തി മന്തക്കര ഗണപതീ ക്ഷേത്രത്തിൽ കുമാരിന്റെയും മേൽശാന്തി സുബ്രഹ്മണ്യ ന്റെ(ഐയു)യും നേതൃത്വത്തിലായിരുന്നു കൊടിയേറ്റം. തുടർന്ന് പഴയ കൽപ്പാത്തി ലക്ഷ്മീനാരായണ പെരുമാൾ ക്ഷേത്രത്തിലും, ചാത്തപുരം പ്രസന്ന മഹാഗണിപതീക്ഷേത്രത്തിലും കൊടിയേറ്റം നടന്നു.

വിഘ്നങ്ങൾ ഒഴിവായി ഉത്സവം സുഗമമായി നടക്കുന്നതിന് ഇന്നലെ രാത്രി വാസ്തുശാന്തിയും, ഇന്ന് പുലർച്ചെ ഗണപതീഹോമവും നടന്നു. ഈ മാസം 14, 15, 16 തിയതികളിലാണ് ചരിത്രപ്രസിദ്ധമായ കൽപ്പാത്തി രഥോത്സവം. രഥോത്സവത്തിലെ സുപ്രധാന ചടങ്ങായ ദേവരഥസംഗമം 16 ന് സായംസന്ധ്യയിൽ തേരുമുട്ടിയിൽ നടക്കും.

ചാത്തപ്പുരം സുബ്ബയ്യർ റോഡിലെ പ്രത്യേക പന്തലിൽ സംഗീതോത്സവത്തിനു ഇന്നലെ തുടക്കമായി. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സഹകരണത്തിലല്ലാതെ പ്രത്യേക കൂട്ടായ്മയാണ് സംഗീതോത്സവം സംഘടിപ്പിയ്ക്കുന്നത്.

കേരളത്തിൽ എടിഎം നിലവിൽ വന്നിട്ട് ഇന്നേക്ക് 25 വർഷം

തിരു: നോട്ടുനിരോധനമാണ് നവംബർ എട്ട് ഓർമപ്പെടുത്തുന്നതെങ്കിൽ പണമിടപാടുമായി ബന്ധപ്പെട്ട് സുപ്രധാന മാറ്റങ്ങളിലൊന്നായ എടിഎം കേരളത്തിൽ നിലവിൽ വന്നിട്ട് ഇന്നേക്ക് 25 വർഷം തികയുകയാണ്.

ഈ ചരിത്ര നീക്കത്തിന്റെ സാക്ഷികൂടിയാണ് നവംബർ എട്ട്. സംസ്ഥാനത്ത് ആദ്യമായി എടിഎം സംവിധാനം നിലവിൽ വന്നതും ഒരു നവംബർ എട്ടിനായിരുന്നു.

1993 നവംബർ എട്ടിന് ബ്രിട്ടീഷ് ബാങ്ക് ഓഫ് മിഡിൽ ഈസ്റ്റിന്റെ തിരുവനന്തപുരത്തെ വെള്ളയമ്പലം ശാഖയിലാണ് കേരളത്തിൽ ആദ്യത്തെ ഓട്ടമേറ്റഡ് ടെല്ലർ മെഷീൻ (എടിഎം) നിലവിൽ വരുന്നത്. പണം തരുന്ന മെഷീൻ എന്ന അത്ഭുതത്തോടെയായിരുന്നു അന്ന് മലയാളികൾ എടിഎമ്മിനെ നോക്കി കണ്ടത്.

3,000 രൂപവരെയായിരുന്നു അന്ന് ഈ സംവിധാനം വഴി പിൻവലിക്കാൻ കഴിഞ്ഞിരുന്നത്. 1987 ൽ ഹോങ്കോങ് ആൻഡ് ഷാങ്ഹായി ബാങ്കിങ്ങ് കോർപ്പറേഷനായിരുന്നു ഇന്ത്യയിൽ ആദ്യമായി എടിഎം സംവിധാനം കൊണ്ടുവരുന്നത്. മുംബൈയിലെ അന്ധേരി ഈസ്റ്റിലായിരുന്നു രാജ്യത്തെ ആദ്യ എടിഎം സംവിധാനം.

1967 ബാങ്ക് ഓഫ് ലണ്ടനാണ് ആദ്യത്തെ എടിഎം ലോകത്തിന് പരിചയപ്പെടുത്തിയത്. ബ്രിട്ടീഷുകാരനായ ജോൺ അഡ്രിയാൻ ഷെപ്പേഡ്- ബാരൻ എന്ന എഞ്ചിനീയറാണ് എടിഎമ്മിന്റെ ഉപജ്ഞാതാവ്.

ഖാദിവർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം 10 മുതൽ

പാലക്കാട്: കേരളാ ഖാദി വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) പത്താം സംസ്ഥാന സമ്മേളനം 10, 11 തീയതികളിൽ കടമ്പഴിപ്പുറത്തു നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. കടമ്പഴിപ്പുറം എൻ ജി ഒ യൂണിയൻ ഹാളിൽ 10 ന് രാവിലെ 9.30 ന് വ്യവസായ വകുപ്പ് മന്ത്രി ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്യും.

ഖാദി ബോർഡ് വൈസ് ചെയർപേഴ്സൺ ശോഭന ജോർജ്ജ് അധ്യക്ഷത വഹിക്കും. സി കൃഷ്ണൻ എംഎൽഎ, കെ കെ ദിവാകരൻ, തുടങ്ങിയവർ സംസാരിക്കും. സംസ്ഥാന സോണി കോമത്ത്, എ കുമാരി, എസ് കൃഷ്ണകുമാരി, ആർ കൃഷ്ണമൂർത്തി, ടി കെ അച്യുതൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പ്രവാചക വ്യക്തിത്വത്തിന് നവസമൂഹത്തിലും സ്വീകാര്യത

പാലക്കാട്: ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് ജീവിച്ച പ്രവാചക വ്യക്തിത്വത്തെ ഏറെ ആദരവോടെയും സ്നേഹത്തോടെയുമാണ് നവസമൂഹം സ്വീകരിക്കുന്നതെന്ന് സമസ്ത ട്രഷറർ സി.കെ.എം സാദിഖ് മുസ്‌ലിയാർ പറഞ്ഞു. എസ്.വൈ.എസ് സംസ്ഥാന വ്യാപകമായി മുഹമ്മദ് നബി(സ) അനുപമ വ്യക്തിത്വം എന്ന പ്രമേയത്തിൽ ആചരിക്കുന്ന മീലാദ് ക്യാംപയിന്റെ ഭാഗമായി എസ്.വൈ.എസ് ജില്ലാ കമ്മിറ്റി പാലക്കാട്ട് സംഘടിപ്പിച്ച ജില്ലാ മീലാദ് വിളംബര റാലിയുടെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡന്റ് പി.കെ ഇമ്പിച്ചിക്കോയ തങ്ങൾ പഴയലെക്കിടി അധ്യക്ഷനായി. ജില്ലാ വർക്കിംഗ് സെക്രട്ടറി ജി.എം സ്വലാഹുദ്ധീൻ ഫൈസി വല്ലപ്പുഴ പ്രമേയ പ്രഭാഷണം നടത്തി. ജില്ലാ ജനറൽസെക്രട്ടറി ടി.കെ മുഹമ്മദ് കുട്ടി ഫൈസി കരുവാൻപടി സ്വാഗതവും ട്രഷറർ എം.വീരാൻഹാജി പൊട്ടച്ചിറ നന്ദിയും പറഞ്ഞു.

നഗരസഭയിലെ അവിശ്വാസ നാടകം കെപിസിസി അന്വേഷിച്ചേക്കും

പാലക്കാട്: നഗരസഭാധ്യക്ഷയ്ക്കും ഉപാധ്യക്ഷനുമെതിരെ യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസപ്രമേയം അട്ടിമറിച്ച സംഭവം കെപിസിസി അന്വേഷിച്ചേക്കും. ഇതിനായി കെ പി സി സി സംഘം ഉടൻ പാലക്കാട്ട് എത്തുമെന്നാണ് റിപ്പോർട്ടുകൾ. ഡി.സി.സി പ്രസിഡന്റ് വി.കെ ശ്രീകണ്഼ന്റെ പ്രത്യേക ആവശ്യപ്രകാരമാണ് കെ.പി.സി.സി സംഘം പാലക്കാട്ടേക്കെത്തുന്നത്. വൻ തുക കോഴയും ഭാര്യക്ക് ജോലിയും വീടും നൽകുമെന്ന് വാഗ്ദാനം ചെയ്താണ് യുഡിഎഫ് കൗൺസിലറായ ശരവണനെ ബിജെപി വശത്താക്കിയതെന്നും കോൺഗ്രസ് നേതൃത്വം നേരത്തെ ആരോപിച്ചിരുന്നു.

ശരവണൻ ബിജെപിയിൽ ചേരാൻ തീരുമാനിച്ചതോടെ ഇക്കാര്യം സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണെന്നാണ് യുഡിഎഫ് നേതാക്കൾ ആരോപിക്കുന്നത്. ഇന്നലെ തീർത്ഥാടനം കഴിഞ്ഞ്പാലക്കാട്ട് എത്തിയ ശരവണൻ ബിജെപി ഓഫീസിൽ പത്രസമ്മേളനം നടത്തിയിരുന്നു. ഇതിൽ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് ചോദ്യങ്ങൾ ഉയർന്നപ്പോൾ ബിജെപി നേതാക്കൾ ഇടപെട്ട് പത്രസമ്മേളനം അവസാനിപ്പിക്കുകയായിരുന്നു.

കോഴയിടപാടിൽ യുഡിഎഫിൽ തന്നെയുള്ള ചിലർ ഇടനിലക്കാരായി നിന്നുവെന്ന് ആരോപണം ഉയർന്നിട്ടുണ്ട്. ഇതിലും ചില സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്നാണ് നേതാക്കൾ രഹസ്യമായി ആരോപിക്കുന്നത്. ഈ ആരോപണങ്ങൾക്ക് മറുപടി പറയേണ്ട സാഹചര്യത്തിലാണ് ഇപ്പോൾ യുഡിഎഫ് നേതാക്കൾ. ഇക്കാര്യങ്ങളെല്ലാം സംസ്ഥാന നേതൃത്വത്തെയും പൊതുജനങ്ങളെയും ബോധ്യപ്പെടുത്തുന്നതിന് കെപിസിസിയുടെ ആഭിമുഖ്യത്തിൽ അന്വേഷണം നടക്കണമെന്നാണ് ഡിസിസി ആവശ്യപ്പെട്ടിരിക്കുന്നത്. ലോകസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സാഹചര്യത്തിൽ കോൺഗ്രസിന് മുഖം രക്ഷിക്കൽ അത്യാവശ്യമാണ്.

കോൺഗ്രസ് അംഗമായ കൽപ്പാത്തി വാർഡിലെ വി ശരവണൻ സെക്രട്ടറിക്ക് നാടകീയമായി രാജികത്ത് സമർപ്പിച്ചത് കോൺഗ്രസിലെ തന്നെ ഉന്നതരുടെ അറിവോടെയായിരുന്നുവെന്നും ഡി സി സിക്കും ബന്ധമുണ്ടെന്നുമാണ് ശരവണനോട് അടുത്ത സുഹൃത്തുക്കളും പറയുന്നത്. ഇത് ചില കോൺഗ്രസ് കൗൺസിലർമാരെ മുൾമുനയിൽ നിർത്തുന്നുണ്ട്. പാലക്കാട് നഗരസഭയിൽ മിക്ക കാര്യങ്ങളിലും ഭരണ - പ്രതിപക്ഷ ഒത്തുകളിയുണ്ടെന്നത് പരസ്യമായ രഹസ്യമാണെന്ന് പൊതുവെ അഭിപ്രായമുണ്ട്. യുഡിഎഫ് അവിശ്വാസ പ്രമേയം കൊണ്ടുവരുമെന്ന് നേരത്തെ പലതവണ പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് നീട്ടികൊണ്ടുപോയത് ചില ഒത്തുതീർപ്പുവ്യവസ്ഥകളുടെ അടിസ്ഥാനത്തിലാ യിരുന്നുവെന്നാണ് ഇപ്പോൾ ഉയരുന്ന ആരോപണം. അഞ്ച് യുഡിഎഫ് കൗൺസിലർമാരെ സസ്പെന്റ് ചെയ്തതുപോലും ഈ ഒത്തുതീർപ്പ് മുന്നിൽ കണ്ട് കൊണ്ടായിരുന്നുവെന്നും ബഹളത്തിലൊന്നും പങ്കെടുക്കാതിരുന്ന ശരവണനെയും സസ്പെന്റ് ചെയ്തത് ഇത്തരമൊരു നാടകം അണിയറയിൽ ഒരുക്കി കൊണ്ടായിരുന്നുവെന്നുമുള്ള ആരോപണങ്ങൾ പ്രതിപക്ഷ കക്ഷികൾക്കിടയിൽ തന്നെ ശക്തമായിട്ടുണ്ട്. ഇവയെല്ലാം വ്യക്തമാകണമെങ്കിൽ കെ പി സി സി തന്നെ അന്വേഷിക്കുന്നതാണ് ഉചിതമെന്ന് ഡിസിസി കരുതുന്നത്.

അഴിമതിക്ക് പേരുകേട്ട പാലക്കാട് നഗരസഭയിൽ കോൺഗ്രസ് - ബിജെ പി അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയിട്ട് കാലങ്ങളായി. പരേതയായ ദേവയാനി എന്ന ചെയർപേഴ്സന്റെ ഉദയവും അസ്തമയവുമെല്ലാം ഈ ബന്ധത്തിന്റെ പൊള്ളത്തരങ്ങളുടെ ആഴം വ്യക്തമാക്കുന്നതാണ്.

മുനിസിപ്പൽ സ്റ്റാന്റിൽ സ്വകാര്യ വ്യക്തിക്കുവേണ്ടി നഗരസഭാ മതിൽ പൊളിച്ചു നീക്കിയതും, സ്റ്റേഡിയം സ്റ്റാന്റിൽ സർക്കസ് കമ്പനിക്ക് സ്ഥലം നൽകിയതും, നിലവാരമില്ലാത്ത സിസി ടി വികൾ ഉയർന്ന വിലയ്ക്ക് വാങ്ങി വെച്ചതുമെല്ലാം ഇത്തരം അവിശുദ്ധ കൂട്ടുകെട്ടുകളുടെ ഫലമാണെന്ന് കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ കൗൺസിൽ അംഗങ്ങൾ തന്നെ ചൂണ്ടിക്കാട്ടിയിരുന്നു.

നഗരസഭാ സെക്രട്ടറിക്ക് ശരവണൻ എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് രാജി സമർപ്പിച്ച വിവരം മുടിവെച്ച നഗരസഭാ സെക്രട്ടറിയും ഇദ്ദേഹത്തിന് ഇത്രയും കാലം സംരക്ഷണം ഒരുക്കിയ സി പി എമ്മിനെപ്പോലും വിവരം ധരിപ്പിക്കാത്തതുമെല്ലാം അഴിമതിയുടെ ബാക്കി പത്രമായാണ് അറിയപ്പെടുന്നത്.

ശബരിമലയിലെ ആചാരങ്ങൾ സംരക്ഷിക്കണം: ഹിന്ദുമഹാസമ്മേളനം 11ന് കോട്ടമൈതാനത്ത്

പാലക്കാട്: നൂറ്റാണ്ടുകളായി ശബരിമലയിൽ നടന്നുവരുന്ന ആചാരങ്ങൾ കോടിക്കണക്കിന് ഭക്തരെ അവഗണിച്ച് നിരീശ്വരവാദികളായ ചിലർക്കുവേണ്ടി സർക്കാർ അട്ടിമറിക്കുകയാണെന്ന് ശബരിമല കർമ്മസമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ ആരോപിച്ചു.

അയ്യപ്പന്റെ പിതൃസ്ഥാനീയരായ പന്തളം കുടുംബാംഗങ്ങളെയും തന്ത്രിയേയും അവഹേളിച്ച മുഖ്യമന്ത്രി മാപ്പു പറയണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു.

ശബരിമലയിലെ ആചാരങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് 11ന് വൈകിട്ട് ചിന്മയ തപോവനത്തിൽ നിന്നും ആരംഭിക്കുന്ന നാമജപ ഘോഷയാത്ര കോട്ടമൈതാനത്ത് സമാപിക്കും. തുടർന്നു നടക്കുന്ന സമ്മേളനം സംവിധായകൻ അലിഅക്ബർ ഉദ്ഘാടനം ചെയ്യും. ഹിന്ദു ഐക്യവേദി സംസ്ഥാന അധ്യക്ഷ ശശികല ടീച്ചർ അധ്യക്ഷത വഹിക്കുമെന്നും സീമാ ജാഗരൺമഞ്ച് അഖില ഭാരതീയ സംയോജക് എ ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തുമെന്നും ഭാരവാഹികൾ പറഞ്ഞു. വി കെ സോമസുന്ദരൻ, കരിമ്പുഴ രാമൻ, ജി രാമചന്ദ്രൻ, കേശവദേവ് പുതുമന, സതീഷ് മേനോൻ, എ എം ദാമോദരൻ, പത്മകുമാർ തുടങ്ങിയവർ പരിപാടികളക്കുറിച്ച് വിശദീകരിച്ചു.

ബന്ധുനിയമനം: മന്ത്രി ജലീലിനെതിരെ യൂത്ത് ലീഗ് കോടതിയിലേക്ക്

കോഴിക്കോട്: മന്ത്രി കെ ടി ജലീലിനെതിരായ ബന്ധുനിയമന വിവാദത്തിൽ പ്രതിഷേധം വ്യാപിപ്പിക്കാനൊരുങ്ങി യൂത്ത് ലീഗ്. യോഗ്യതയുണ്ടായിട്ടും കെ.എസ്.എം.ഡി.എഫ്.സി.യിൽ നിയമനം കിട്ടാത്തവരെ മുൻനിർത്തി കോടതിയെ സമീപിക്കുമെന്ന് യൂത്ത് ലീഗ് ജനറൽ സെക്രട്ടറി പി കെ ഫിറോസ് പറഞ്ഞു. യൂത്ത് കോൺഗ്രസിനെ കൂടി പങ്കെടുപ്പിച്ച് പ്രക്ഷോഭം ശക്തമാക്കുമെന്നും പി കെ ഫിറോസ് വ്യക്തമാക്കി.സംസ്ഥാന മൈനോറിറ്റി ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികരയിലേക്ക് അപേക്ഷിച്ചവരിൽ നിന്ന് തെരഞ്ഞെടുത്ത ഏഴിൽ അഞ്ച് പേർക്കും മതിയായ യോഗ്യതയുണ്ടെന്നായിരുന്നു പി കെ ഫിറോസ് കഴിഞ്ഞദിവസം മാധ്യമങ്ങളോട് പറഞ്ഞത്.

യോഗ്യത ഇല്ലാത്ത രണ്ട് പേരിൽ ഒരാളാണ് മന്ത്രിയുടെ ബന്ധുവും നിലവിലെ ജനറൽ മാനേജരും ആയ കെടി അദീബ് എന്നാണ് ഫിറോസിൻറെ ആരോപണം. ഈ വിഷയത്തിൽ പ്രക്ഷോഭം ശക്തമാക്കുന്നതിനൊപ്പം യൂത്ത് ലീഗ് കോടതിയെ സമീപിക്കാൻ ഒരുങ്ങുകയാണെന്ന് പി കെ ഫിറോസ് പറഞ്ഞു.

കഴിഞ്ഞ ദിവസം കുടുംബശ്രീയിലെ നിയമനവുമായി ബന്ധപ്പെട്ടും യൂത്ത് ലീഗ് കോടതിയെ സമീപിക്കുമെന്ന് അറിയിച്ചിരുന്നു. കുടുംബശ്രീയിൽ പ്രോഗ്രാം കോർഡിനേറ്ററായി റിയാസ് അബ്ദുള്ള എന്നയാളെ നിയമിച്ചതുമായി ബന്ധപ്പെട്ട് യൂത്ത് ലീഗ് നേരത്തെ വിജിലൻസിന് പരാതി കൊടുത്തിരുന്നു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയാകാത്ത സാഹചര്യത്തിലാണ് കോടതിയെ സമീപിക്കാൻ ഒരുങ്ങുന്നതായി യൂത്ത് ലീഗ് ഭാരവാഹികൾ അറിയിച്ചത്.

എൻ ജി ഒ കോർട്ടേഴ്സ് കെട്ടിടോദ്ഘാടനം ഷാഫി പറമ്പിൽ നിർവ്വഹിച്ചു

പാലക്കാട്: കല്ലേപ്പുള്ളി എൻ.ജി.ഒ കോളനിയിൽ പൊതുമരാമത്ത് വകുപ്പ് നിർമിച്ച എൻ.ജി.ഒ കോട്ടേഴ്സ് കെട്ടിടോദ്ഘാടനം ഷാഫി പറമ്പിൽ എം.എൽ.എ ഉദ്ഘടനം ചെയ്യുന്നു.

ക്വാട്ടേർസ് പരിസരത്ത് നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ ചീഫ് എഞ്ചിനീയർ ഇ.കെ. ഹൈദ്രു, കോഴിക്കോട് ഉത്തരമേഖല കെട്ടിടവിഭാഗം സൂപ്രണ്ടിങ് എഞ്ചിനീയർ ദിലീപ് ലാൽ, പാലക്കാട് നഗരസഭാ ചെയർപേഴ്സൺ പ്രമീള ശശിധരൻ, വാർഡ് കൗൺസിലർ പ്രിയ വെങ്കിടേഷ്, പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ യു.പി ജയശ്രീ എന്നിവർ സംസാരിച്ചു.

കേരളാ കോൺ (എം) വായമൂടിക്കെട്ടി പ്രതിഷേധിച്ചു

പാലക്കാട്: നോട്ടുനിരോധനത്തിന്റെ രണ്ടാം വാർഷികദിനം വായ മൂടിക്കെട്ടി കറുത്തദിനമായി ആചരിച്ചു. നരേന്ദ്രമോദി സർക്കാർ നടത്തിയ നോട്ട് നിരോധനത്തിനെതിരെ കേരള കോൺഗ്രസ് എം പാലക്കാട് ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ഹെഡ് പോസ്റ്റ് ഓഫീസിനുമുമ്പിൽ വായമൂടികെട്ടി പ്രതിഷേധിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ :ജോസ് ജോസഫ് ഉൽഘാടനം ചെയ്തു. ജില്ലാപ്രസിഡണ്ട് ജോബി ജോൺ അധ്യക്ഷതവഹിച്ചു. അഡ്വ കുശലകുമാർ, കെഎം സി സി വർഗീസ്, വി എ ബെന്നി, കെ.ശിവരാജേഷ്, മാധവവാര്യർ, കെ വി സാബു, ബേബി പാണുചിറ, മുഹമ്മദ് സക്കറിയ, എ ശശിധരൻ, തുടങ്ങിയവർ സംസാരിച്ചു. യോഗത്തിൽ എം പി തംബി സ്വാഗതവും തോമസ് ജേക്കബ് നന്ദിയും പറഞ്ഞു .

നോട്ട് നിരോധനം
ദുരന്തത്തിന്റെ രണ്ട് വർഷങ്ങൾ
CUSTOMER SERVICE CENTRE (CTO)
കേരള കോൺഗ്രസ് എം പാലക്കാട് ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ഹെഡ്പോസ്റ്റ് ഓഫീസിനുമുമ്പിൽ നടത്തിയ വായമൂടികെട്ടി പ്രതിഷേധം അഡ്വ ജോസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

എല്ലാ വിവാഹ പർച്ചേസുകൾക്കും അഡ്വാൻസ് ബുക്കിംഗ് സൗകര്യം ലഭ്യമാണ്.

6 മാസത്തേക്ക് വരെ മുൻകൂട്ടി ബുക്ക് ചെയ്യാം

അഡ്വാൻസ് കാലാവധി	അടയ്ക്കേണ്ട തുക
10 ദിവസം	10%
20 ദിവസം	20%
30 ദിവസം	30%
40 ദിവസം	40%
50 ദിവസം	50%
60 ദിവസം	60%

KALYAN
JEWELLERS

ബുക്ക് ചെയ്യുന്ന ദിവസത്തെ സ്വർണ്ണവിലയോ,
ആഭരണം വാങ്ങുന്ന ദിവസത്തെ
സ്വർണ്ണവിലയോ, ഏതാണോ കുറവ്
ആ വിലയ്ക്ക് ആഭരണങ്ങൾ സ്വന്തമാക്കാം.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കൂ
9446898850 (G.B. ROAD, PALAKKAD)

117 BRANCHES SPREAD ACROSS INDIA AND MIDDLE EAST | SHOP ONLINE AT WWW.KALYANJEWELLERSONLINE.COM
OPEN ON ALL SUNDAYS | FOLLOW US ON TOLL FREE - 1800 425 7333